(2) പുതിയ ഗവൺമെൻറുത്തരവു പ്രകാരം ബ്ലോക്കുകളിലെ വികസന പ്രവർത്തനങ്ങൾക്കുണ്ടാകാവുന്ന സ്തംഭനാവസ്ഥ.

ശ്രീ. കെ. കെ. ശ്രീനിവാസൻ: സർ, സംസ്ഥാനത്തെ ഗ്രാമീണ വികസനപരിപാടിയിൽ പ്രാമുഖ്യം അർഹിക്കുന്ന എൻ. ആർ. ഇ. പി., ആർ.എൽ.ഇ.ജി.പി. റോഡ് നിർമ്മാണം സംബന്ധിച്ച് ഗവൺമെൻറ് ഒരു ഓർഡർ ഇഷ്യൂ ചെയ്തിട്ടുണ്ട്. 27–5–1986-ലാണ് ഓർഡർ ഇഷ്യൂ ചെയ്തിരിക്കുന്നത്. ഈ ഓർഡറിൽ അടിസ്ഥാനപരമായിട്ട് സ്വീകരിച്ചിരിക്കുന്നത്, ചീഫ് ടെക്നിക്കൽ എക്സാമിനർ ആൻറ് എക്സ് ഒഫീഷ്യോ അഡീഷണൽ സെക്രട്ടറി, ഗവൺമെൻറിനു സമർപ്പിച്ച ഒരു റിപ്പോർട്ടാണ്. സർ, ഈ റിപ്പോർട്ടിൽ പല കാര്യങ്ങളെ സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. 6–ാം പഞ്ചവൽസര പദ്ധതിക്കാലത്ത് എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള റോഡുകളുടെ അപര്യാപ്തതയും കുറവുകളുമൊക്കെ പരിഹരിക്കപ്പെടുക, അവ ഇനി ആവർത്തിക്കപ്പെടാതിരിക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിച്ചിട്ടുള്ളത്. അതാണ്, ഗവൺമെൻറ് ഓർഡറായി ഇഷ്യൂ ചെയ്തിട്ടുള്ളത്. ഈ രംഗത്ത് ഉണ്ടായിട്ടുള്ള അപാകതയ്ക്ക് മുഖ്യകാരണം, ലാക് ഓഫ് സൂപ്പർവിഷനാണ്. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ബ്ലോക്ക് ഓഫീസർ അവിടെ പ്രവർത്തിക്കുന്ന അസിസ്റ്റൻറ് എഞ്ചിനീയർ, ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാരത്തോടുകൂടിയ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അതുപോലെതന്നെ കളക്ടർ ഇതാണ് നിലവിലുണ്ടായിരുന്ന സംവിധാനം. പക്ഷേ ഈ ഓർഡർ അനുസരിച്ചാണെങ്കിൽ അതിനുപരിയായി ചീഫ് ടെക്നിക്കൽ ഓഫീസർ, ധനകാര്യ വകുപ്പിൻെറ ഇൻസ്പെക്ഷൻ വിംഗ് തുടങ്ങിയുള്ള ഉദ്യോഗസ്ഥൻമാർകൂടി, ഇതിൻെറ പ്രവർത്തനത്തിൻെറ ഭാഗമായിരിക്കുന്നു. മറെറാന്ന് വർക്കുകളുടെ സ്റ്റാൻഡേർഡ് സംബന്ധിച്ചുള്ളതാണ്. മൊത്തത്തിൽ ഇത് പരിശോധിക്കുമ്പോൾ എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്, ഇതിൽ കടന്നുകൂടിയിരിക്കുന്ന അപാകതയെ സംബന്ധിച്ചാണ്. നോംസ് ഫിക്സ് ചെയ്തിരിക്കുന്നത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണെങ്കിലും, യാഥാർത്ഥ്യബോധത്തോടുകൂടിയല്ല എന്ന നിഗമനത്തിൽ എത്തേണ്ടിയിരിക്കുന്നു. സ്വാഭാവികമായും നമ്മുടെ സംസ്ഥാനത്തിലെ 140 നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെ ഗൗരവമായിട്ട് ബാധിക്കുകയും സ്തംഭിപ്പിക്കുകയും ചെയ്യുന്ന ഒന്നാണിത്. ഇത് നടപ്പിൽ വന്നാൽ, ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറ് ഗൗരവപരമായി പരിഗണിക്കേണ്ടതാണ്. സർ, ഈ വാദഗതി തെളിയിക്കുവാൻ അവരുടെ രേഖകൾ തന്നെ തികച്ചും പര്യാപ്തമാണ്.

സർ, ഈ ജി.ഒ. അനുസരിച്ചുള്ള റേറും ആർ.എൽ.ഇ.ജി.പി.യിലും എൻ.ആർ.ഇ.പി. യിലും നിലവിലുണ്ടായിരുന്ന റേറും പി.ഡബ്ലിയു.ഡി റേറും തമ്മിൽ താരതമ്യപഠനം നടത്തുകയാണെങ്കിൽ യാഥാർത്ഥ്യബോധത്തോടുകൂടിയല്ല ഈ ജി.ഒ. പുറപ്പെടുവിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ വിഷമമുണ്ടാകുകയില്ല. Earth work in ordinary soil, surface cutting in narrow ranges എന്നു പറയുന്നതിന് പി.ഡബ്ലിയു.ഡി. റേറ്

LIBRARY ARCHIVES Kerala Legislative Assembly

41—46 രൂപയാണ്. ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. റേറ്റ് 44.43—50.25 രൂപയും ഈ ജി.ഒ. അനുസരിച്ചുള്ള റേറ്റ് 35.50 രൂപയുമാണ്. ഞാൻ ഇത് ചൂണ്ടിക്കാണിക്കുന്നത് പി.ഡബ്ലിയു.ഡി.യിലാണെങ്കിൽ നിലവിലുള്ള റേറ്റിനേക്കാൾ എത്രയോ ശതമാനം കൂടിയാണ് ടെണ്ടർ വിളിച്ച് കൊടുക്കുന്നത്. പക്ഷേ എൻ.ആർ.ഇ.പി.യെ സംബന്ധിച്ചിടത്തോളം ഈ സാഹചര്യങ്ങളൊന്നുമില്ല. വളരെക്കൂടുതൽ അണ്ടർ എസ്റ്റിമേറ്റായിട്ടാണ് റേറ്റ് കാണിച്ചിരിക്കുന്നത്. ഇത് ഓരോന്നും എടുത്ത് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഒന്നുരണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. ഇത് അനുസരിച്ച് എർത്ത് വർക്ക് ഇൻ ഹാർഡ് സോയിലിന് പി.ഡബ്ലിയു.ഡി. റേറ്റ് 79.70 രൂപയും എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. റേറ്റ് 82.93 രൂപയും ഈ ഓർഡർ അനുസരിച്ചുള്ള റേറ്റ് 74 രൂപയുമാണ്. 70 മില്ലീമീറ്റർ റോഡ് മെറ്റൽ ചെയ്യുന്നതിന് 83.47, 138.73, 85.23, 140.54, ജി.ഒ. അനുസരിച്ചുള്ള റേറ്റ് 77.45 രൂപമാത്രമാണ്. ഈ നിലയിൽ പരിശോധിക്കുമ്പോൾ, ഇതനുസരിച്ചുള്ള റേറ്റിൽ പണിയെടുക്കാൻ ഒരു സംവിധാനം ബ്ലോക്കടിസ്ഥാനത്തിൽ ഉണ്ടാകുകയില്ല. അതിന് ആരും മുന്നോട്ടുവരുകയില്ല. ഇന്ന് സാധനങ്ങൾക്ക് വിലകൂടി. മെറ്റലിന് 600 രൂപയുണ്ടായിരുന്നത് ആയിരവും സ്പ്രേയിംഗ് ആൻഡ് സ്പ്രെഡിംഗിന് 30—32 ഉണ്ടായിരുന്നത് 60 ആയിട്ട് ഉയരുകയും ചെയ്തു. പി.ഡബ്ലിയു.ഡി. റേറ്റ് കാലാകാലങ്ങളിൽ റിവൈസ് ചെയ്യാറുണ്ട്. എൻ.ആർ.ഇ.പിക്കും ആർ.എൽ.ഇ.ജി.പി:ക്കും ആ സംവിധാനമുണ്ടോ എന്ന് സംശയമാണ്. എന്തുകൊണ്ട് പി.ഡബ്ലിയു.ഡി.യെ കൂടി ഈ ജി.ഒ.യുടെ പരിധിയിൽ കൊണ്ടുവരാൻ കഴിയുന്നില്ല. ഒരു പന്തിയിൽ രണ്ടു വിളമ്പ് നടക്കുമെന്ന് തോന്നുന്നില്ല. ബ്ലോക്കടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളിൽ അഴിമതിയില്ലെന്ന് ആരും പറയുന്നില്ല. സൂപ്പർവിഷന്റെ കാര്യത്തിൽ ഉണ്ടാകുന്ന അപാകത അവിടെയുണ്ട്. അതുകൊണ്ട് സൂപ്പർവിഷൻ കൂടുതൽ കർക്കശമാക്കണം. ഇത് നിയമത്തിന്റെ അപര്യാപ്തത കൊണ്ടല്ല. ഇത് നടപ്പിലാക്കുന്നതിൽ കാണിക്കുന്ന ശുഷ്ക്കാന്തിക്കുറവാണ് ഈ അഴിമതിക്ക് കാരണമെന്നാണ് എന്റെ വിശ്വാസം. വികസന രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന, വളർന്നുവരുന്ന വിപുലമായ ഒരു ഡിപ്പാർട്ടുമെന്റാണ് വികസന ഡിപ്പാർട്ടുമെന്റ്. അഴിമതി കാണിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട്, മറ്റ് ഏതെങ്കിലും കേന്ദ്രത്തിന്റെ ആഗ്രഹം സാധിച്ചുകിട്ടാൻ വേണ്ടി സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഈ ഡിപ്പാർട്ടുമെന്റിന്റെ മേൽ കൈകടത്തുന്നത ശരിയല്ല. ഇതൊഴിവാക്കാൻ കഴിയുന്ന ഏതെങ്കിലും സംവിധാനം ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ തന്നെ ഉണ്ടായിരിക്കണം.

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, എൻ.ആർ.ഇ.പി.യിലും ആർ.എൽ.ഇ.ജി.പി. യിലും യൂണിഫോമായിട്ടുള്ള സ്റ്റാൻഡേർഡ് ഉണ്ടാക്കാനും കോസ്റ്റ് നോംസ് ഉണ്ടാക്കാനും ഗ്രാമതലങ്ങളിൽ അതിന്റെ പരമാവധി പ്രയോജനം ഉണ്ടാക്കിയെടുക്കാനും വേണ്ടി രൂപീകരിച്ച, ഫിനാൻസ് സെക്രട്ടറിന്റെ ടെക്നിക്കൽ മെമ്പർ സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുണ്ടാക്കിയ ജി.ഒ.യെപ്പറ്റിയാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. 27—5—1986—ൽ ഇറക്കിയ ഈ ജി.ഒ. ഉണ്ടാക്കിയതുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഗ്രാമതലങ്ങളിൽ നടക്കുന്ന എൻ. ആർ.ഇ.പി. വർക്കുകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും പത്രങ്ങളിൽ വന്നിട്ടുള്ള പരാതികളും ഒക്കെ പരിശോധിച്ച് അതിന് കർശനമായ ചില നിയന്ത്രണങ്ങളും ഉണ്ടാക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ്. ആർ.എൽ.ഇ.ജി.പി. വർക്കുകൾക്കു കേന്ദ്രഗവൺമെന്റിന്റെ പ്രത്യേകമായ നോംസ് ഇപ്പോഴും നിശ്ചയിച്ചിട്ടുണ്ട്. അതിൽ വേരിയേഷൻസ് വരുത്താൻ സെൻട്രൽ ഗവൺമെന്റിനു മാത്രമേ കഴിയുകയുള്ളൂ. ആർ. എൽ.ഇ.ജി.പി. വർക്കുകൾക്കു സെൻട്രൽ ഗവൺമെന്റ് ഏർപ്പെടുത്തിയ നോംസിനു അനുസരണമായ ഒരു നോമാണ് ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ളത്. ഏറ്റവും പ്രധാനമായിട്ടുള്ളത് എർത്തുവർക്കിന്റെ കാര്യത്തിൽ മാനിപ്പുലേഷൻസ് നടക്കുന്നുവെന്നുള്ളതാണ്. ഇത് നമ്മുടെ രാജ്യത്തെ പൊതുപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും ഉന്നയിക്കുന്ന കാര്യമാണ്. എർത്തുവർക്കിന്റെ കാര്യത്തിലും മേസൺറിവർക്കിന്റെ കാര്യത്തിലും മാൽ പ്രാക്ടീസും എക്സസ് പേമെന്റും നടക്കുന്നുവെന്ന കാര്യമാണ് ഈ കമ്മിറ്റി രൂപീകരണത്തിനുമുൻപ് ഗവൺമെന്റിന്റെ പരിഗണനയിൽ വന്നത്.

ഉദാഹരണമായി ഒരു ബ്ലോക്കിൽ പത്തുലക്ഷം രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടാക്കി. കോടതിയിൽ കേസ് നിൽക്കുന്നതുകൊണ്ട് ആ ബ്ലോക്കിന്റെ പേര് ഞാൻ പറയുന്നില്ല. മൊത്തത്തിൽ എൻ.ആർ.ഇ.പി. പ്രവർത്തനങ്ങളിൽ ഉണ്ടായ നഷ്ടമാണ് പത്തുലക്ഷം രൂപയെന്നാണ് ഗവൺമെന്റിന്റെ അന്വേഷണങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. അട്ടപ്പാഴിയിൽ 50 ലക്ഷം രൂപ മുടക്കി ഒരു റോഡ് നിർമ്മിച്ചു. ഇപ്പോൾ അതുവഴി നടന്നുപോകുവാനുള്ള ഏകദേശം ഒരു വഴിപോലും ഇല്ലാത്ത സാഹചര്യമാണ് അത് പരിശോധിച്ച ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്കും മറ്റുള്ള ആളുകൾക്കും കാണാൻ കഴിഞ്ഞത്. 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ആ റോഡ് സഞ്ചാരയോഗ്യമാകണമെങ്കിൽ ഇനിയും 50 ലക്ഷം രൂപകൂടി അവിടെ മുടക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ പരിപൂർണ്ണമായി ഒഴിവാക്കാനും അഴിമതിയുണ്ടെങ്കിൽ കർശനമായി തടയാനും ഇതുപോലെ ഒരു നിയമമുണ്ടാകണമെന്നുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥമായ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ചീഫ് സെക്നിക്കൽ എക്സാമിനർ ചെയർമാനായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ജി. ഒ. ഇറക്കുകയും ചെയ്തു. ഗ്രാമവികസന ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളെ, അല്ലെങ്കിൽ പ്രായോഗികമായ പ്രവർത്തനങ്ങളും നിയന്ത്രിക്കാനോ ആ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കാനോ ഈ ഉത്തരവ് ഉപകരിക്കുമെന്നുള്ള വാദത്തോട് ഞാൻ യോജിക്കുന്നില്ല. പക്ഷേ പ്രായോഗികമായ രംഗത്തേക്ക് വരുമ്പോൾ സ്വാഭാവികമായും ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനമായിട്ട് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് സീലിംഗ് ഏർപ്പെടുത്തിയെന്നുള്ളതാണ്. മൂന്നു പ്രദേശങ്ങളായി തിരിച്ചുകൊണ്ടാണ് ജി.ഒ.യിൽ പറഞ്ഞിട്ടുള്ളത്. ഡ്രൈ ഏരിയായിൽ കിലോമീറ്ററിന് ഒരുലക്ഷത്തി അൻപതിനായിരം രൂപയ്ക്ക് എർത്തുവർക്ക് നടത്തണമെന്ന് സമ്മതിച്ചിട്ടുണ്ട്. വാട്ടർലോക്കഡ് ഏരിയയാണെങ്കിൽ മൂന്നുലക്ഷം രൂപവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹിൽ ഏരിയാക്ക് ഒരുലക്ഷം രൂപയാണ് ഉൾപ്പെടുത്തിയത്. സോയിലിംഗ്, മെറ്റലിംഗ് ആൻഡ് ബ്ലാക്ക്

LIBRARY ARCHIVES Kerala Legislative Assembly

ടോപ്പിംഗിനുവേണ്ടി ഡ്രൈ ഏരിയായിൽ ഒരുലക്ഷം രൂപയും വാട്ടർ ലോക്ക്ഡ് ഏരിയായിൽ ഒരുലക്ഷം രൂപയും ഹിൽ ഏരിയായിൽ ഒരുലക്ഷം രൂപയുമാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഇങ്ങനെ വരുമ്പോൾ നമ്മുടെ സംസ്ഥാനത്തുള്ള എൻ.ആർ.ഇ.പി. പദ്ധതികൾക്ക് ഒരു കിലോമീറ്ററിന് രണ്ടുലക്ഷത്തി അൻപതിനായിരം രൂപ മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളു. അതാണ് ആർ.എൽ.ഇ.ജി.പി.യ്ക്കുമുള്ള നോം. അതിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഓരോ പ്രദേശത്തിനേറ്റതായ പ്രത്യേക പരിതഃസ്ഥിതികളും സ്വഭാവവും കണക്കിലെടുത്തുകൊണ്ട് ഇതിൽ വേരിയേഷൻസ് വരുത്താമെന്നുള്ള കാര്യം ജി.ഒ.യിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഈ ജി. ഒ. ഇറക്കിയ ശേഷം ചീഫ് ടെക്നിക്കൽ എക്സാമിനർ ഉൾപ്പെടെയുള്ള ആളുകൾ ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പോകുകയും ബി.ഡി.ഒ. മാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അടക്കമുള്ള ഉദ്യോഗസ്ഥൻമാരുമായി സംസാരിക്കുകയും ചെയ്തു. ഈ വർക്ക് എക്സിക്യൂട്ട് ചെയ്യുന്ന കാര്യത്തിൽ പ്രാക്ടിക്കൽ ഡിഫിക്കൽട്ടീസ് ഉണ്ടാകുകയില്ല എന്ന റിപ്പോർട്ടാണ് ഗവൺമെന്റിനു കിട്ടിയത്. എൻ.ആർ.ഇ.പി. വർക്കുകളെന്ന് പറയുന്നത് പ്രധാനമായും എ, ബി ക്ലാസ് കോൺട്രാക്ടർമാരെ ഇൻവോൾവ് ചെയ്യാനുള്ളതല്ല. അത് എംപ്ലോയ്മെന്റ് ജനറേഷനുവേണ്ടിയുള്ള പ്രവർത്തനമാണ്. ദൗർഭാഗ്യവശാൽ ഗ്രാമവികസന ഡിപ്പാർട്ടുമെന്റിലെ എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. വർക്കുകൾ പി.ഡബ്ലിയു.ഡി.യിലെ എല്ലാ കോൺട്രാക്ടർമാരും ഏറ്റെടുക്കുന്ന സ്വഭാവം കാണുന്നുണ്ട്. ഈ വർക്ക് ലേബർ ഓറിയന്റഡാണ്. ലാഭേച്ഛ കൂടാതെ ചെയ്യേണ്ട വർക്കാണ്. ഇത് ബെനിഫിഷ്യറീസിനെ ഉദ്ദേശിച്ചുള്ളതാണ്. അത് ഈ സഭയിലെ എല്ലാവർക്കും അറിയാം. ചില റോഡ് വർക്കുകൾ കോൺട്രാക്ടർമാർ ഏറ്റെടുത്തേ മതിയാകൂ. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട്, അന്തരിച്ചുപോയ പ്രധാനമന്ത്രിയുൾപ്പെടെയുള്ളവർ ആഗ്രഹിച്ചതും കേന്ദ്ര ഗവൺമെന്റ് ആഗ്രഹിക്കുന്നതുമായ കാര്യത്തിന്റെ 50 ശതമാനം എങ്കിലും നടപ്പിലാക്കണമെന്ന ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഈ ഓർഡർ ഇറക്കിയത്. ഏറ്റവും പ്രധാനമായി ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് ഇനിഷ്യൽ ലവൽസ് എടുക്കുന്ന കാര്യമാണ്. അതിലാണ് മാൽപ്രാക്ടീസ് നടക്കുന്നതെന്നാണ് പൊതുവേ പരാതി ഉയർന്നുവന്നിട്ടുള്ളത്. അതുകൊണ്ട് ഇനിഷ്യൽ ലവൽസ് എടുത്തുകഴിഞ്ഞാൽ അത് ഫൈനാൻസ് വിംഗിനെ ഇൻറിമേറ്റ് ചെയ്യണമെന്നുള്ള പുതിയ നിർദ്ദേശം ജി.ഒ.യിൽ ഉൾക്കൊള്ളിച്ചത് പി.ഡബ്ലിയു.ഡി. യിൽ ഇപ്പോഴും അതില്ല. ആൻറി-സീ-ഇറോഷൻ വർക്കുകൾക്ക് മാത്രമേ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഫിനാൻസ് വിംഗിനെ ഇൻറിമേറ്റ് ചെയ്യുകയുള്ളു. ഒരാഴ്ച കഴിഞ്ഞാൽ വർക്ക് തുടങ്ങാം. പി.ഡബ്ലിയു.ഡി.യിൽ പോലുമില്ലാത്ത ഒരു നിർദ്ദേശം കൊണ്ടുവന്നതുതന്നെ മാൽപ്രാക്ടീസ് ഒഴിവാക്കാൻ വേണ്ടിയാണ്. ഒരാഴ്ച കഴിഞ്ഞാൽ സ്വാഭാവികമായും വർക്ക് എക്സിക്യൂട്ട് ചെയ്യാൻ കഴിയും. ഇനിഷ്യൽ ലവൽസിന്റെ മുഴുവൻ കാര്യങ്ങളും പേപ്പറുകളും ഗവൺമെന്റിനു അയച്ചുകൊടുക്കണമെന്ന യാതൊരു നിർദ്ദേശവും ഞങ്ങൾ കൊടുത്തിട്ടില്ല. മാൽപ്രാക്ടീസ് അവസാനിപ്പിക്കാൻവേണ്ടിയാണ് ഇൻറിമേറ്റ് ചെയ്യണമെന്നു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മറെറാരു കാര്യത്തെക്കുറിച്ച് ഞാൻ പറയുകയാണ്. 4 ലക്ഷം രൂപവരെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സാങ്ഷൻ കൊടുക്കാൻ പറ്റും. ഡി.ആർ.ഡി.എ. യുടെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നു പറയുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുവ്വറിലുള്ള ആളാണ്. 4 ലക്ഷം രൂപയിൽ കൂടുതൽ സാങ്ഷൻ ചെയ്യണമെങ്കിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് വരണം. ഇത് എല്ലാവർക്കുമറിയാവുന്നതാണ്. ഇതിനുമാത്രമായിട്ടുള്ളതല്ല. 4 ലക്ഷം രൂപയിൽ കൂടുതൽ ഉള്ള എസ്റ്റിമേറാണെങ്കിൽ അതിൻെറ ഹയർ കമ്പീറൻറ് അതോറിറ്റിക്ക് കൊടുക്കണം. ഇത് സാധാരണ നിലവിലുള്ള നിയമമാണ്. അതാണ് ജി.ഒ. ഇറങ്ങുന്നതിനുമുമ്പുള്ള നിയമം. ഇവിടെ വേജ് റേറിൻെറ കാര്യം പറഞ്ഞു. ഈ ജി.ഒ. പ്രകാരം ഞങ്ങൾ വേജ് റേറിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. സ്കിൽഡ് വേജ് റേറ് എന്നു പറയുന്നത് അപ്രൂവ്ഡ് പി.ഡബ്ലയു.ഡി. വേജ് റേറുതന്നെയാണ്. അതിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. അൺസ്കിൽഡ് ലേബറേഴ്സിൻെറ കാര്യത്തിലാണ് ഇന്ന് നിലവിലുള്ളതിൽനിന്നും അൽപ്പം മാറ്റം വരുത്തിയിട്ടുള്ളത്. അത് തന്നെ notified minimum agricultural labour rate for Men and Women എന്നുള്ള അടിസ്ഥാനത്തിലാണ് ചെയ്തത്. അതുകൊണ്ട് ഈ ജി.ഒ. പ്രകാരം സംസ്ഥാനത്തെ ഗ്രാമതലങ്ങളിൽ നടന്ന എൻ.ആർ.ഇ.പി. പ്രവർത്തനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും വരികയില്ലായെന്ന് ഈ സഭയെ അറിയിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ജനപ്രതിനിധികളിൽനിന്നും തൃശൂർ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള കളക്ടർമാരിൽനിന്നും കിട്ടിയ ചില വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ തന്നെ മുൻകൈ എടുത്ത് ഇതിനോട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചു കൂട്ടുകയും ഈ കാര്യങ്ങൾ പരിശോധിക്കുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ ചില പുതിയ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും അതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കാനും ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: എന്തായാലും ഈ കാര്യത്തിൽ വിശദമായ ഒരു പരിശോധന നല്ലതാണ്.

ശ്രീ. രമേശ് ചെന്നിത്തല: തീർച്ചയായും ഞങ്ങൾ പരിശോധിക്കുകയുണ്ടായി. ഇന്നലെ ചീഫ് ടെക്നിക്കൽ എക്സാമിനർ അടക്കമുള്ള ആളുകളെ വിളിച്ചു നടത്തിയ കോൺഫറൻസിൻെറ അടിസ്ഥാനത്തിൽ ഇനിഷ്യൽ ലവൽസ് എടുത്തു കഴിഞ്ഞാൽ അതിൻെറ പേപ്പേഴ്സ് ഗവൺമെൻറിൽ ഉടൻ സബ്മിറ് ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. സ്റ്റാൻേറർഡിൻെറ കാര്യത്തെക്കുറിച്ച് പ്രത്യേകമായ ഒരു കാര്യം പറയുന്നുണ്ട്. ഗവൺമെൻറ് ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള സ്റ്റാൻേറർഡിൻെറ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നത്. ബിറ്റുമിനും ടാറും ഡി.ആർ.ഡി.എ. യാണ് വാങ്ങിച്ചു കൊടുക്കുന്നത്. അത് എടുക്കുന്ന കോൺട്രാക്ടർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡി.ആർ.ഡി.എ. തന്നെ വഹിക്കും എന്നുള്ളതിൽ സംശയമില്ല. ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കിക്കൊണ്ട് എൻ.ആർ.ഇ.പി. പോലുള്ള വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാനും അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

പരിപൂർണ്ണമായി തുടച്ചു നീക്കാനുമുള്ള ഒരു നടപടി എന്നുള്ള നിലയിൽ കൂടുതൽ ചർച്ച ചെയ്യാനും അതിനകത്ത് പ്രാക്ടിക്കബിളം ഡിഫിക്കൽട്ടീസുണ്ടെങ്കിൽ തീർച്ചയായും ഗവൺമെൻറ് പരിശോധിക്കാനും ശ്രമിക്കുമെന്ന് അറിയിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. കെ.കെ. ശ്രീനിവാസൻ: സർ, ഗവൺമെൻറിൽനിന്ന് പുറപ്പെടുവിച്ച ജി.ഒ. അനുസരിച്ചുള്ള ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. ട്രെയിഡുകളെപ്പറ്റി ഞാൻ വായിച്ചു. നിലവിലുണ്ടായിരുന്ന ട്രെയിഡ്സിൽനിന്നും ജി. ഒ. അനുസരിച്ച് അത് റിവൈസ് ചെയ്യേണ്ട ആവശ്യമെന്താണ് ഉണ്ടായിരുന്നത്? അതിനുള്ള കാരണമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: ഈ റേറിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. പി.ഡബ്ലിയു.ഡി. റേറിൽനിന്നും വ്യത്യാസപ്പെടുത്തിയ റേറുണ്ടായിട്ടില്ല. അതേ റേറു തന്നെയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർക്ക് ഈ കാര്യത്തിൽ വിശദമായ അഭിപ്രായം ഉണ്ടെങ്കിൽ ആ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് പ്രായോഗികമായി വർക്ക് നടത്താനുള്ള തീരുമാനം ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

III. സബ്മിഷൻ

(1) തിരുമാറാടി പഞ്ചായത്തിൽ കൊടുങ്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ.

ശ്രീ. ബെന്നി ബഹനാൻ: സർ, കഴിഞ്ഞ മേയ് മാസത്തിൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തിരുമാറാടി പഞ്ചായത്തിൽ കൊടുങ്കാറ്റ് ആഞ്ഞടിച്ചതുമൂലം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വന്ന് അവിടത്തെ കർഷകർ ബുദ്ധിമുട്ടുകയാണ്. അവിടത്തെ കൃഷിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയായ റബ്ബറും അതുപോലെ നിരവധി തെങ്ങുകളും ഈ കൊടുങ്കാറ്റിൽപ്പെട്ട് നശിച്ചുപോയിട്ടുണ്ട്. നഷ്ടപരിഹാരം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കളക്ടറേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും സമീപിച്ചപ്പോൾ അതിന്റെ നഷ്ടപരിഹാരത്തുക എത്രയാണെന്നു തിട്ടപ്പെടുത്തിയതല്ലാതെ ഇന്നുവരെ അതിനുവേണ്ടിയിട്ടുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണറിയാൻ കഴിഞ്ഞത്. സാധാരണ പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതുപോലെ ഇതിനും കാലതാമസം ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് എത്രയും വേഗം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനം്യൂവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, കഴിഞ്ഞ മേയ് മാസത്തിൽ ഈ പ്രദേശത്തുണ്ടായ കൊടുങ്കാറ്റുമൂലം 15 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിനെപ്പറ്റിയുള്ള കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നുമാണ് മുഖ്യമായും ഈ കണക്കുകൾ തിട്ടപ്പെടുത്തേണ്ടത്. റിവോൾവിംഗ് ഫണ്ടിൽനിന്നും നഷ്ടപരിഹാരം കൊടുക്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ അത് ഏറ്റവും വേഗം കൃഷിക്കാർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly